പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2102 05.05.2017-ന് മറുപടിയ്ക്ക്

പാലക്കാട് ജില്ലയിൽ നടന്ന വനം കയ്യേറ്റങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ഉണ്ണി | ശ്രീ. കെ. രാജു<br>(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ എത്ര വനം കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്;വിശദാംശം ലഭ്യമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ ആകെ 1509 വനം കയ്യേറ്റങ്ങളിലൂടെ 3202.5175 ഹെക്ടർ വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്.<br>പാലക്കാട് ജില്ലയിൽ ഉൾപ്പെടുന്ന മണ്ണാർക്കാട് വന ഡിവിഷനിൽ അട്ടപ്പാടി ട്രൈബൽസ് ഷിഫ്റ്റിംങ് കൾട്ടിവേഷനു വേണ്ടി കയ്യേറിയ 2023 ഹെക്ടർ വനഭൂമി ഉൾപ്പെടെ, 1120 വനംകയ്യേറ്റങ്ങളിലൂടെ 2928.9421 ഹെക്ടർ വനഭൂമി കയ്യേറിയതായി കണക്കാക്കിയിട്ടുണ്ട്. കൂടാതെ നെന്മാറ ഡിവിഷനിൽ 369 വനകയ്യേറ്റങ്ങളിലൂടെ 237.6513 ഹെക്ടറും, പാലക്കാട് ഡിവിഷൻ 18 വനകയ്യേറ്റങ്ങളിലൂടെ 35.2181 ഹെക്ടറും, സൈലന്റ് വാലി ഡിവിഷനിൽ രണ്ട് കയ്യേറ്റങ്ങളിലൂടെ 0.706 ഹെക്ടർ സ്ഥലവും കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ കാലിക സ്ഥിതി വ്യക്തമാക്കാമോ? | (ബി) | അട്ടപ്പാടി ട്രൈബൽസ് ഷിഫ്റ്റിംങ് കൾട്ടിവേഷന് വേണ്ടി കയ്യേറിയ 2023 ഹെക്ടർ ഭൂമി നിലവിൽ വനം വകുപ്പിന്റെ നിയന്ത്രണത്തിലാണ്. കൂടാതെ മണ്ണാർക്കാട് ഡിവിഷന്റെ പരിധിയിൽ 13.0553 ഹെക്ടർ സ്ഥലത്തെ കയ്യേറ്റവും, സൈലന്റ് വാലി ഡിവിഷനിലെ 0.706 ഹെക്ടർ സ്ഥലത്തെ കയ്യേറ്റവും ഒഴിപ്പിച്ചിട്ടുള്ളതാണ്. മറ്റു വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ